(ബി) എന്തെല്ലാം ധനസഹായങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന ലഭിക്കുന്നത് ;

(സി) പദ്ധതിയുടെ നടത്തിപ്പിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ഒ.ബി.സി. വിഭാഗത്തിൽ ഉൾപ്പെട്ടവരും കുടുംബവാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ അധികാരിക്കാത്തവരുമായ നിയമബിരുദ ധാരികൾക്ക് ജൂഡീഷ്യറിയിൽ പ്രാതിനിധ്യം ഉറപ്പു വരുത്തുന്നതിന് സഹായകരമായ വിധത്തിൽ അഭിഭാഷകരായി പ്രാക്ടീസ് ആരംഭിക്കുന്നതിന് സാമ്പത്തികമായി സഹായം നൽകുന്ന പദ്ധതിയാണിത്. സാമ്പത്തികമായി പിന്നോക്കം നൽക്കുന്നവർക്ക് മുൻഗണന നൽകിയാണ് ആനുകൂല്യം നൽകുന്നത്.

(ബി) നിയമ പുസ്തകങ്ങളും വക്കീൽ യൂണിഫോമുകളും വാങ്ങുന്നതിന് ഒരാൾക്ക് ഒരു വർഷം 7,500 രൂപ വീതം മൂന്ന് വർഷങ്ങളിലായി ആകെ 22,500 രൂപ നൽകുന്നു.

(സി) 2012-13 മുതൽ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയാണിത്. സംസ്ഥാന തലത്തിൽ അപേക്ഷകൾ ക്ഷണിക്കുകയും യോഗ്യരായ അപേക്ഷകരെ തെരഞ്ഞെടുക്കുകയും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ആനുകൂല്യം അനുവദിച്ച് നൽകുകയും ചെയ്യുന്ന നടപടി സ്വീകരിച്ചുവരുന്നു. 2012-13 -ൽ 85 പേർക്കും 2013-14 -ൽ 135 പേർക്കും 2014-15 -ൽ 111 പേർക്കും ആനുകൂല്യം അനുവദിച്ചിട്ടുണ്ട്.

പിന്നോക്ക സമുദായത്തിൽപ്പെട്ട ജാതി-മത വിഭാഗങ്ങളും പിന്നോക്ക വിഭാഗ കമ്മീഷനും

236 (3672) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത്, ഏതെല്ലാം മതങ്ങളേയും ജാതികളേയുമാണ് പിന്നോക്ക വിഭാഗ പട്ടികയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത് വ്യക്തമാക്കാമോ ;

(ബി) പിന്നോക്ക വിഭാഗ കമ്മീഷന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ് വിശദമാക്കാമോ ;

(സി) പിന്നോക്ക വിഭാഗ കമ്മീഷൻ മുഖേന 2011 മുതൽ അനുവദിച്ച സഹായങ്ങൾ എന്തെല്ലാം ; ജാതി തിരിച്ച് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തെ മറ്റ പിന്നോക്ക വിഭാഗങ്ങളുടെ പട്ടിക (ഒ.ബി.സി. ലിസ്റ്റ്) അനുബന്ധമായി ചേർക്കുന്നു.*

(ബി)

1. സമൂഹത്തിൽ പിന്നോക്കം നിൽക്കുന്നവരെ മറ്റ പിന്നോക്ക വിഭാഗ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷകളും പ്രസ്തുത പട്ടികയിൽ ഏതെങ്കിലും വിഭാഗത്തെ കൂടുതലായി ഉൾപ്പെടുത്തിയെന്നോ ഉൾപ്പെടുത്തിയത് കുറഞ്ഞുപോയെന്ന് ഉള്ള പരാതികൾ സ്വീകരിച്ച് അവ പരിശോധിച്ചും.

2. കാലാകാലങ്ങളിൽ പിന്നോക്ക വിഭാഗ പട്ടിക പുതുക്കുന്നത് സംബന്ധിച്ചും.

3. മറ്റ് പിന്നോക്ക വിഭാഗ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള സമുദായങ്ങളെ സംബന്ധിച്ച് സർക്കാർ ആവശ്യപ്പെടുന്ന കാര്യങ്ങളിൽ ഉപദേശം നൽകുകയെന്നതും.

4. സംസ്ഥാനത്തെ പിന്നോക്ക വിഭാഗങ്ങളുടെ പിന്നോക്കാവസ്ഥയെ സംബന്ധിച്ച് കാലാകാലങ്ങളിൽ പഠിച്ച് അതിന്റെയടിസ്ഥാനത്തിൽ അവരുടെ അവസ്ഥയെക്കുറിച്ച് റിപ്പോർട്ട് കേരള നിയമസഭയ്ക്ക് നൽകുകയെന്നതുമാണ് കമ്മിഷന്റെ പ്രവർത്തനങ്ങൾ.

(സി) കേരള സംസ്ഥാന സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പാർട്ട് I-ലെ ലിസ്റ്റ് III പ്രകാരമുള്ള ഒ.ബി.സി. ലിസ്റ്റിൽ കാലാകാലങ്ങളിൽ ആവശ്യമായ ഭേദഗതികൾ നിർദേശിക്കുക എന്നതാണ് കമ്മീഷന്റെ പ്രധാന ചുമതല ഇതര സഹായങ്ങൾ അനുവദിക്കുക കമ്മീഷന്റെ ചുമതലയിൽപ്പെടുന്നതല്ല.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ

237 (3673) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ സ്റ്റൈപ്പന്റിനും ലംപ്സം ഗ്രാന്റിനുമായി കഴിഞ്ഞ സാമ്പത്തിക വർഷം എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.